വൈദ്യുത അപകടങ്ങളെപ്പറ്റി അവലോകനം നടത്തുന്നതിനായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ചെയർമാനായുള്ള ഒരു സംസ്ഥാനതല കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ തല കമ്മിറ്റികളും നിലവിലുണ്ട്. വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്നതോടൊപ്പം ബോർഡിലെ ഉദ്യോഗസ്ഥർക്ക് ലൈൻ പട്രോൾ നടത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പഴകിയ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും ഈ കമ്മിറ്റി നൽകിവരുന്നു.

(ഇ) സംസ്ഥാന വൈദ്യുതി ബോർഡിൽ നിലവിലുള്ള 'വൈദ്യുതി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി' പ്രകാരം ധനസഹായം നൽകി വരുന്നുണ്ട്.

നെല്ല് സംഭരണം

*15 [62] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

" *എം. കുമാരൻ:*

" *പി. നാരായണൻ:*

" *ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നെല്ലിന്റെ സംഭരണ വിലനിലവാരം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) നടപ്പ് വിളവെടുപ്പുകാലത്ത് സംഭരിച്ച നെല്ലിന്റെ അളവ് എത്ര;

(ഡി) ഓരോ ജില്ലയിൽ നിന്നും വിവിധ ഏജൻസികൾ മുഖേന സംഭരിച്ച നെല്ല് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന ഗവൺമെന്റ് സംഭരിച്ച നെല്ല് എഫ്. സി. ഐ. ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഉണ്ടാക്കിയ കരാർ/ ധാരണ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) നെല്ല് സംഭരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനും കൃഷി വകുപ്പും തമ്മിൽ കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) കൊയ്ത്തുകാലത്ത് നെല്ലിന്റെ വില ക്രമാതീതമായി കുറയുന്നത് തടയുന്നതിനായി നെല്ലു സംഭരണപദ്ധതി നടപ്പിലാക്കി വരുന്നു. ആലപ്പുഴ കോട്ടയം, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട തുടങ്ങിയ ജില്ലകളിൽ നിന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമായും നെല്ല് സംഭരിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റികൾ സംഭരണ വില നിശ്ചയിക്കുക, സംഭരണ ഏജൻസികളെ നിയമിക്കുക, സംഭരണ പ്രക്രിയ അവലോകനം ചെയ്തു യഥാസമയം വേണ്ട നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്നു. കൂടാതെ കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവ സംഭരിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി അരിയാക്കി എഫ്. സി. ഐ. ക്ക് നൽകി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി നൽകുകയും അതു പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി)	*വെള്ള*	*ചുവപ്പ്*
ആലപ്പുഴ	-	750
പത്തനംതിട്ട	-	725
തൃശ്ശൂർ	700	720
കോട്ടയം	740	-
പാലക്കാട്	750	700

(സി) 110657.958 മെട്രിക് ടൺ നെല്ല് സംഭരിച്ചു.

(ഡി) വിവിധ ഏജൻസികളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.† ഏജൻസികൾ മുഖേന സംഭരിച്ച നെല്ലിന്റെ കൃത്യമായ കണക്ക് ശേഖരിച്ചു വരുന്നു.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ കരാറിലേർപ്പെട്ട മില്ലുകളിലൂടെ കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്കനുസരിച്ച് സംസ്ഥാനത്തെ കർഷകരിൽ നിന്ന് സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി അംഗീകൃത റേഷൻ മൊത്ത വിതരണക്കാർക്ക് കൈമാറി റേഷൻ കടകൾവഴി വിതരണം നടത്തുവാനുള്ള വ്യവസ്ഥയിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(എഫ്) ഇല്ല.

കോവളം കൊട്ടാരവും അനുബന്ധപ്രദേശങ്ങളും ഏറ്റെടുക്കാൻ സമഗ്രമായൊരു നിയമനിർമ്മാണം

*16 [63] *ശ്രീ. എം. വി. ജയരാജൻ:*
" പിരപ്പൻകോട് മുരളി:
ഡോ. തോമസ് ഐസക്:
ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly